# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 868 10.06.2019-ൽ മറുപടിക്ക്

## സിനിമാരംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കാൻ നിയമനിർമ്മാണം

**ചോദ്യം**

ശ്രീ.മഞ്ഞളാംകുഴി അലി
ശ്രീ.എം.ഉമ്മർ
ശ്രീ.പി.കെ.ബഷീർ
ശ്രീ.അബ്ദുൽ ഹമീദ് പി

**മറുപടി**

ശ്രീ. എ.കെ.ബാലൻ
(ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സിനിമാരംഗത്തെ വിവിധ പ്രശ്നങ്ങളെ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ പ്രത്യേക സമിതിയെ നിയോഗിച്ചിരുന്നുവോ; | (എ) | സിനിമാ രംഗത്തെ വനിതകൾ നേരിടുന്ന പ്രശ്നങ്ങളും തൊഴിൽ സാഹചര്യങ്ങളും പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 01.07.2017 ലെ സ.ഉ(കൈ) നം.16/2017/സാ.കാ.വ പ്രകാരം ജസ്റ്റിസ് കെ.ഹേമ അദ്ധ്യക്ഷയായി സമിതിയെ നിയോഗിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ പ്രസ്തുത സമിതിയുടെ പ്രധാന കണ്ടെത്തലുകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ; | (ബി) | പ്രസ്തുത സമിതി സർക്കാരിലേയ്ക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. |
| (സി) | സിനിമാരംഗത്തെ വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സമഗ്ര നിയമനിർമ്മാണം നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദീകരിക്കുമോ ? | (സി) | സിനിമാ മേഖലയുടെ സമഗ്ര പരിഷ്കരണത്തിനായി, ശ്രീ.അടൂർ ഗോപാലകൃഷ്ണൻ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശയുടെ അടിസ്ഥാനത്തിൽ സാംസ്കാരിക വകുപ്പിന്റെ ഭരണ നിയന്ത്രണത്തിൽ 'സിനിമാ റഗുലേറ്ററി അതോറിറ്റി' രൂപീകരിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി, 1958 ലെ സിനിമാ റെഗുലേഷൻ ആക്ടും 1988 ലെ സിനിമാ റെഗുലേഷൻ റൂൾസും ഭേദഗതി ചെയ്യുന്നതിനുള്ള ശുപാർശകൾ സമർപ്പിക്കുന്നതിന് 20.01.2018 ലെ സ.ഉ.(സാധാ)നം. 30/2018/ സാം.കാ.വ, 25.05.2018 ലെ സ.ഉ.(സാധാ) നം. 363/2018/ സാം.കാ.വ. ഉത്തരവുകൾ പ്രകാരം വിദഗ്ധ സമിതി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. ഈ സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ സിനിമാ റെഗുലേറ്ററി അതോറിറ്റി രൂപീകരിയ്ക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**